**<u>തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പരിഷ്കരിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതു സംബന്ധിച്ച് 11.11.2009 ൽ എറണാകുളം ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ വച്ച് നടന്ന നാഷണൽ സർവ്വീസ് സ്ക്കീം പ്രോഗ്രാം കോ–ഓർഡിനേറ്റർ, ജില്ലാ കോ–ഓർഡിനേറ്റർ, ജില്ലാ കൺവീനർ എന്നിവരുടെ യോഗത്തിലെ തീരുമാനങ്ങൾ.</u>**

1. നാഷണൽ സർവ്വീസ് സ്കീം സ്റ്റേറ്റ് ലെയ്സൺ ഓഫീസറുടെ 2.11.2009 ലെ SLC /1666/09 NSS നമ്പർ കത്തനുസരിച്ച് 11–11–2009 ബുധനാഴ്ച രാവിലെ 10 മണിക്ക് യോഗം എറണാകുളം ഗവൺമെന്റ് ഗസ്റ്റ്ഹൗസിൽ വച്ച് നടന്നു. 44 പേർ പങ്കെടുത്തു. ഹാജരായവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.
2. സ്റ്റേറ്റ് ലെയ്സൺ ഓഫീസർ ശ്രീമതി. അനിതാശങ്കർ യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിച്ചു. തുടർന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ പ്രൊഫ.എം.കെ.പ്രസാദ് വെബ്സൈറ്റ് പരിഷ്ക്കരിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തേണ്ടതിന്റെ ആവശ്യകത വിശദമാക്കി.
3. വെബ്സൈറ്റിന്റെ ചുമതലയുള്ള ടീം ലീഡർ ശ്രീമതി കെ.ഗിരിജ വിവരശേഖരണത്തിനുപയോഗിക്കേണ്ട ഫോറം വിശദീകരിച്ച് പരിശീലനം നടത്തി..
4. ഓരോ ജില്ലയും വിവരണശേഖരണം നടത്തേണ്ട പഞ്ചായത്തുകളുടെ ലിസ്റ്റ് എൻ.എസ്.എസ് ജില്ലാ ചുമതലക്കാർക്ക് ഇൻഫർമേഷൻ കേരള മിഷൻ ലഭ്യമാക്കി.
5. ഡിസ്ട്രിക്റ്റ് കൺവീനർമാരുടെ സഹായത്തോടെ കോളേജ്/സ്കൂൾ തല അലോട്ട്മെന്റ് ലിസ്റ്റ് തയ്യാറാക്കി.
6. ക്രിയാത്മകമായി ഈ സർവ്വേ നടത്തി തരുന്നതിന് പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ NSS വോളയന്റിയർമാർക്ക് പരിശീലനം ജില്ലാതലത്തിൽ നൽകുന്നതിനും തീരുമാനിച്ചു.
7. ഡിസ്ട്രിക്റ്റ് തലത്തിൽ ട്രെയിനിംഗ് നടത്തേണ്ട തീയതിയും സ്ഥലവും ജില്ലാ കൺവീനർമാർ നിശ്ചയിച്ച് ലിസ്റ്റ് തയ്യാറാക്കി.
8. അതത് യൂണിവേഴ്സിറ്റി/ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള അലോട്ട്മെന്റ് ലിസ്റ്റ് അനുസരിച്ച് ജില്ലാ തല വിവരശേഖരണം നടത്തി രേഖ തയ്യാറാക്കി അതാതു ജില്ലയിലെ ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ കോ–ഓർഡിനേറ്ററെ ഏല്പിക്കേണ്ട ചുമതല അതാത് NSS ഡിസ്ട്രിക്റ്റ് കോ–ഓർഡിറ്റമാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് തീരുമാനിച്ചു.
9. ജില്ലാതല ട്രെയിനിംഗ് പ്രോഗ്രാം നടത്തുമ്പോൾ അതിനുവേണ്ട എല്ലാ ചെലവുകളും ഇൻഫർമേഷൻ കേരള മിഷൻ വഹിക്കുന്നതായിരിക്കുമെന്ന് തീരുമാനിച്ചു.

(എ) NSS വോളന്റിയർമാർക്കുള്ള ജില്ലാതല പരിശീലനപരിപാടി സംഘടിപ്പിക്കുന്നതിനും നടത്തിപ്പിക്കുന്നതിനും വേണ്ട എല്ലാവിധ നടപടികളും സ്വീകരിക്കേണ്ട ചുമതല അതത് ജില്ലാ കൺവീനർമാർക്കായിരിക്കും. ഇതിനാവശ്യമായ ചെലവുകൾക്കായി ജില്ലാ കൺവീനർമാർക്ക് 500 രൂപാ ലഭ്യമാക്കുന്നതാണ്.

(ബി) അതത് സ്ഥാപനങ്ങളിലെ NSS വോളന്റിയർമാരെ ജില്ലാതല പരിശീലന പരിപാടിയിലും വിവരണശേഖരണപ്രവർത്തനത്തിനും സജ്ജമാക്കേണ്ട പൂർണ്ണമായ ഉത്തരവാദിത്വം അതാത് സ്ഥാപനത്തിലെ NSS പ്രോഗ്രാം ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും.

(സി) മുൻനിശ്ചയ പ്രകാരമുള്ള NSS വോളന്റിയർമാരെ ജില്ലാതല പരിപാടിയിലും വിവരശേഖരണ പ്രവർത്തനത്തിലും പങ്കെടുപ്പിക്കാൻ കഴിയാതെ വരുന്ന പക്ഷം വിവരം മുൻകൂട്ടി ജില്ലാ കൺവീനറെ പ്രോഗ്രാം ഓഫീസർമാർ അറിയിക്കേണ്ടതാണ്.

(ഇ) നിശ്ചയിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ പ്രോഗ്രാം ഓഫീസർമാരേയും വോളന്റിയർമാരേയും ലഭ്യമാകാത്തപക്ഷം പരിപാടി വിജയിപ്പിക്കുന്നതിന് ഒന്നിൽ കൂടുതൽ ടീമുകളെ ഒരു സ്ഥാപനത്തിൽ നിന്നുതന്നെ പല പഞ്ചായത്തുകളിലും നിയോഗിക്കാനുള്ള സ്വാതന്ത്ര്യം ജില്ലാ കൺവീനർമാർക്കുണ്ടായിരിക്കും.

10. NSS വോളന്റിയർമാർക്ക് സർവ്വേ നടത്തുന്നതിനാവശ്യമായ ബുക്കും പേനയും ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ കോ–ഓർഡിനേറ്റർ NSS ജില്ലാ കൺവീനേഴ്സിനെ ഏല്പിക്കുന്നതാണ്.

11. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന ജില്ലാ കൺവീനർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും വോളയന്റിമാർക്കുമുള്ള യഥാർത്ഥ യാത്രാബത്ത ഇൻഫർമേഷൻ കേരള മിഷൻ നൽകുന്നതായിരിക്കും.

12. വിവരശേഖരണത്തിനായി ഒന്നിൽ കൂടുതൽ പ്രാവശ്യം പഞ്ചായത്ത് ഓഫീസിൽ NSS വോളന്റിയർമാർ പോകേണ്ടതുള്ളതുകൊണ്ട് ഈ ദിവസങ്ങളിൽ അവർക്കാവശ്യമായ യാത്രയ്ക്കും ഭക്ഷണത്തിനും മറ്റ് അത്യാവശ്യചെലവുകൾക്കുമായി ഒരു വോളിന്റിയർക്ക് 500 രൂപാ നല്കാവുന്നതാണെന്നും നിശ്ചയിച്ചു. ഒരു ടീമിൽ 2 വോളന്റിയർമാർ ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ഒരു ടീമിന് ആകെ 1000 രൂപ ഇൻഫർമേഷൻ കേരള മിഷൻ ലഭ്യമാക്കും.

13. പ്രത്യേകം ഷീറ്റിൽ വോളന്റിയർമാർ ശേഖരിച്ച് കൊണ്ടുവരുന്ന വിവരങ്ങൾ വായിച്ച് നോക്കി ആവശ്യമായ തിരുത്തലുകൾ പ്രോഗ്രാം ഓഫീസർമാർ വരുത്തേണ്ടതാണ്. തിരുത്തൽ വരുത്തിയരേഖകൾ ഐ കെ എം നല്കിയിട്ടുള്ള ബുക്കിൽ ബോൾപെൻ കറുത്ത മഷി ഉപയോഗിച്ച് വ്യക്തവും വായിക്കുവാൻ കഴിയുന്ന വിധത്തിൽ കൂട്ടക്ഷരത്തിലല്ലാതെ ഭംഗിയായി വോളന്റിയർമാർ എഴുതി പ്രോഗ്രാം ഓഫീസർമാരെ ഏല്പിക്കുകയും അവർ

അത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട ജില്ലാ കണ്‍വീനര്‍മാരെ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

14. ജില്ലാ കണ്‍വീനര്‍മാര്‍ ശേഖരിച്ച ബുക്കുകള്‍ ഐ കെ എം ജില്ലാ കോ-ഓര്‍ഡിനേറ്ററെ ഏല്പിച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

15. വിവരശേഖരണത്തിന് നേതൃത്വം വഹിക്കുന്ന പ്രോഗ്രാം ആഫീസര്‍മാര്‍ക്ക് യാത്രകള്‍ക്കും മറ്റ് ചെലവുകള്‍ക്കുമായി 500 രൂപാ വീതം ലഭ്യമാക്കുന്നതാണ്.

16. ജില്ലാതല പ്രവര്‍ത്തനങ്ങള്‍ക്ക് നേതൃത്വം നല്കുന്ന ജില്ലാ കണ്‍വീനര്‍മാര്‍ക്ക് യാത്രയ്ക്കും മറ്റ് ചെലവുകള്‍ക്കുമായി 1000 രൂപാ വീതം ലഭ്യമാക്കുന്നതാണ്.

17. 80-ല്‍ കൂടുതല്‍ പഞ്ചായത്തുകളുള്ള ജില്ലകളിലെ ജില്ലാ കണ്‍വീനര്‍മാരുടെ അധിക ജോലിഭാരം പരിഗണിച്ച് യാത്രാബത്തയും മറ്റ് ചെലവുകള്‍ക്കുള്ള തുക പ്രത്യേകം നിശ്ചയിക്കുന്നതാണ്.

18. വിവരശേഖരണ പ്രവര്‍ത്തനം സമയബന്ധിതമായി ചെയ്ത് തീര്‍ക്കേണ്ടതാണ്. ഡിസംബര്‍ മാസം ആദ്യവാരം ആരംഭിച്ച് 2010 ജനുവരി 8-ന് മുമ്പ് പൂര്‍ത്തിയാക്കേണ്ടതാണ്.

19. ഈ പ്രവര്‍ത്തനത്തില്‍ ഏര്‍പ്പെടുന്ന വോളിയന്റിയര്‍മാര്‍ക്കും പ്രോഗ്രാം ഓഫീസര്‍മാര്‍ക്കും അപ്രിസിയേഷന്‍ സര്‍ട്ടിഫിക്കറ്റ് നല്കുന്നതാണ്.

20. ഈപ്രവര്‍ത്തനത്തില്‍ ഏര്‍പ്പെട്ട് സമയബന്ധിതമായി റിപ്പോര്‍ട്ടുകള്‍ സമര്‍പ്പിക്കുന്ന ജില്ലാകണ്‍വീനര്‍മാര്‍ക്ക് അപ്രിസിയേഷന്‍ സര്‍ട്ടിഫിക്കറ്റ് യൂണിവേഴ്സിറ്റി/ഡയറക്ടറേറ്റ് തലത്തില്‍ പ്രത്യേക ചടങ്ങില്‍വച്ച് നല്കി ആദരിക്കുന്നതാണ്.

21. ഈ പരിപാടി വിജയകരമായി പൂര്‍ത്തിയാക്കാന്‍ വേണ്ട നിര്‍ദ്ദേശങ്ങളും സഹായസഹകരണവും വോളയന്റിയര്‍മാര്‍ക്കും പ്രോഗ്രാം ഓഫീസര്‍മാര്‍ക്കും ജില്ലാ കണ്‍വീനര്‍മാര്‍ക്കും ബന്ധപ്പെട്ട പ്രോഗ്രം കോ-ഓര്‍ഡിനേര്‍മാര്‍ നല്‍കേണ്ടതാണ്

Sd/-

സ്റ്റേറ്റ് ലെയ്സണ്‍ ഓഫീസര്‍

നാഷണല്‍ സര്‍വ്വീസ് സ്കീം